**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ – ഡോ. കെ. വാസുകി IAS)**

വിഷയം :- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് – ജീവനക്കാര്യം – ഫെയർ കോപ്പി സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രകാരമുള്ള ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു

സൂചന :- 1) 20/01/2016-ലെ ജി.ഒ. (പി) 7/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ്

2) ഈ കാര്യാലയത്തിലെ 13/7/2017, 05/10/2018, 08/11/2019 തീയതികളിലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നം. എസ്.എ.(2) 15424/2017 തീയതി. 17.04.2021**

പരാമർശം (1)-ലെ പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ കേഡർ സ്ട്രെംഗ്ത്തിന്റെ 1/3 ഹയർഗ്രേഡ് തസ്തികയായി നിലനിർത്താൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഫെയർ കോപ്പി സൂപ്രണ്ടുമാരെ ഫെയർ കോപ്പി സൂപ്രണ്ട് (ഹയർ ഗ്രേഡ്) ആയി 35700–75600 രൂപ ശമ്പളസ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീമതി. ശോഭ. പി., ശ്രീമതി. സൗദാബീവി. ഇ എന്നിവർ 31/05/2020-ന് സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ , ശ്രീമതി. അമീന.പി. പി (ജനനത്തീയതി-05/05/1972-പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഇടുക്കി), ശ്രീമതി. വി.പി. ഷൈജ (ജനനതീയതി-25/05/1972-പ്രിൻസിപ്പൽ കൃഷി ഓഫീസ്, കാസർഗോഡ്) എന്നീ ഫെയർകോപ്പി സൂപ്രണ്ടു മാർക്ക് 01/06/2020-ന് പ്രാബല്യത്തിൽ 35700–75600 രൂപ ശമ്പള നിരക്കിൽ ഫെയർകോപ്പി സൂപ്രണ്ട് (ഹയർഗ്രേഡ്) അനുവദിച്ച് ~~കൊണ്ടും~~ അനുമതി നൽകിയും നിലവിലുള്ള ഓഫീസിൽ തുടരുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

ടി ജീവനക്കാർക്ക് കേരളാ സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും കുടിശ്ശിക കൈപ്പറ്റുന്നതിനുള്ള അർഹത ഉണ്ടായിരിക്കുന്നതാണ് . എന്നാൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച തീയതിക്കുള്ളിൽ 27 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച് ലഭിച്ചിട്ടുള്ള പക്ഷം ഫെയർകോപ്പി സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിൽ ശമ്പള നിർണ്ണയത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല.

ഈ ഉത്തരവ് പ്രകാരം ഫെയർ കോപ്പി സൂപ്രണ്ട് ഹയർ ഗ്രേഡായി ഉദ്യോഗക്കയറ്റം ലഭിച്ചത് സംബന്ധിച്ചുള്ള വിവരം ടി ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)

**കാർഷിക വികസന കർഷകക്ഷേമ**

**വകുപ്പ് ഡയറക്ടർ**

*ശ്രീമതി. വി.പി. ഷൈജ, ഫെയർ കോപ്പി സൂപ്രണ്ട് (മേലധികാരി മുഖേന)*

*ശ്രീമതി. അമീന. പി. പി, ഫെയർ കോപ്പി സൂപ്രണ്ട് (മേലധികാരി മുഖേന)*

*പകർപ്പ് :-*

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും, കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള മറ്റ് ഓഫീസ് തലവൻമാർക്കും

2) ഡയറക്ടറുടെ പി.എ.

3) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി. എ.

4) ഒ & എം സെക്ഷൻ

5) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി.സെൽ (വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

6) സ്റ്റോക്ക് ഫയൽ/സ്പെയർ

Ars. Type-13

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33